# കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
# &
# മലയാളവിഭാഗം, സർക്കാർ വനിതാകോളെജ്, തിരുവനന്തപുരം



# ഇ.എം.എസ്. അനുസ്മരണ സെമിനാർ

2018 മാർച്ച് 19 തിങ്കളാഴ്ച രാവിലെ 10.30ന്

**സർക്കാർ വനിതാകോളെജ് അസംബ്ലി ഹാളിൽ**

സുഹൃത്തേ,

കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപക ചെയർമാനും സാംസ്കാരിക-നവോത്ഥാനനായകനും ചരിത്രകാരനും ബഹുഭാഷാപണ്ഡിതനും വിദ്യാഭ്യാസവിചക്ഷണനുമായ ഇ.എം.എസിന്റെ ചരമദിനമായ മാർച്ച് 19-ന് **'ഇ.എം.എസിന്റെ ഭാഷാപഠനചിന്തകൾ'** എന്ന വിഷയത്തിൽ സെമിനാർ നടത്തുകയാണ്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും തിരുവനന്തപുരം സർക്കാർ വനിതാകോളെജ് മലയാളവിഭാഗവും സംയുക്തമായാണ് സെമിനാർ സംഘടിപ്പിക്കുന്നത്.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി. കാർത്തികേയൻ നായരുടെ അധ്യക്ഷതയിൽ കേരളസർവകലാശാല മുൻ വൈസ്ചാൻസലർ **ഡോ. ജി. ബാലമോഹൻ തമ്പി** സെമിനാർ ഉദ്ഘാടനം ചെയ്യും. **'ഇ.എം.എസിന്റെ ഭാഷാപഠനചിന്തകൾ'** എന്ന വിഷയത്തിൽ കേരളസാഹിത്യ അക്കാദമി സെക്രട്ടറി **ഡോ. കെ.പി. മോഹനൻ** പ്രബന്ധം അവതരിപ്പിക്കും. കോളെജ് പ്രിൻസിപ്പൽ ഡോ. ജി. വിജയലക്ഷ്മി ആശംസാപ്രസംഗം നടത്തും. മലയാളവിഭാഗം മേധാവി ഡോ. ചായം ധർമരാജൻ സ്വാഗതവും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് ഓഫീസർ റാഫി പൂക്കോം നന്ദിയും പ്രകാശിപ്പിക്കും.

എല്ലാ അക്ഷരമനസ്സുകളെയും ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു.

**ഡോ. ചായം ധർമരാജൻ**
മേധാവി, മലയാളവിഭാഗം
സർക്കാർ വനിതാകോളെജ്

നാളന്ദ
15.03.2018

**പ്രൊഫ. വി. കാർത്തികേയൻ നായർ**
ഡയറക്ടർ
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്